**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1540**

10.02.2020 ൽ മറുപടിയ്ക്ക്

## വാർഡുകളുടെ പുനർനിർണ്ണയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ അതിരുകൾ പുനർനിർണ്ണയിക്കാനുള്ള തീരുമാനപ്രകാരം 2015-ൽ സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമുള്ള വാർഡുകളുടെ അതിരുകൾ പുനർനിർണ്ണയിക്കേണ്ട സാഹചര്യമുണ്ടോ; | (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കുറഞ്ഞ അംഗസംഖ്യയും കൂടിയ അംഗസംഖ്യയും ഒന്നു വീതം വർദ്ധിപ്പിക്കുന്നതിന് കേരള പഞ്ചായത്തിരാജ് ആക്റ്റ് ചട്ടം - 6, കേരള മുനിസിപ്പൽ ആക്റ്റ് ചട്ടം - 6 എന്നിവ ഭേദഗതി ചെയ്യുന്ന ബിൽ പരിഗണനയിലുണ്ട്. പ്രസ്തുത ബിൽ നിയമമാകുകയാണെങ്കിൽ വാർഡുകളുടെ അതിരുകൾ പുനർനിർണ്ണയിക്കേണ്ട സാഹചര്യമുണ്ടാകും. |
| (ബി) | 2021-ലെ സെൻസസ് നടപടികളുടെ ഭാഗമായി വീണ്ടും പ്രസ്തുത സ്ഥാപനങ്ങളുടെ വാർഡുകൾ പുന:ക്രമീകരിക്കേണ്ടി വരുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഭരണപരമായ പ്രതിസന്ധികളും പരിഗണിച്ച് വാർഡ് വിഭജന നടപടികൾ ഒഴിവാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | വാർഡ് വിഭജന നടപടികൾ ഒഴിവാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**